ഉത്തരം

(എ) 4-ാം ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് പുറപ്പെടുവിച്ച 16-9-1985-ലെ ജി.ഒ. (പി) 515/85/ധന എന്ന ഉത്തരവിൻ പ്രകാരമുള്ള ഗസറ്റഡ് ആഫീസർമാരുടെ ശമ്പള കുടിശ്ശിക ബില്ലുകൾ കൈകാര്യം ചെയ്ത ട്രെഷറി ഉദ്യോഗസ്ഥൻമാർക്ക് 15-2-1986 ജി. ഒ. (ആർറ്റി) 709/86/ധന എന്ന ഉത്തരവു പ്രകാരം അധിക വേതനം നൽകിയിരുന്നു. അൻപതിലേറെ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ ശമ്പളം പറ്റുന്ന ട്രെഷറികളിലെ അക്കൗണ്ടൻറുമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്ക് ഒരു പേ സ്ളിപ്പിന് ഒരു രൂപ ക്രമത്തിലും ട്രെഷറി ആഫീസർമാർക്ക് ഒരു പേ സ്ളിപ്പിന് 50 പൈസ ക്രമത്തിലും ആണ് അധിക വേതനം നൽകിയിരുന്നത്.

(ബി) ഉത്തരവിൻറെ ഒരു പ്രതി മേശപ്പുറത്ത് വെയ്ക്കുന്നു. †

(സി) അക്കൗണ്ടൻറുമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്ക് ഒരു പേ സ്ളിപ്പിന് രണ്ടു രൂപ ക്രമത്തിലും ട്രെഷറി ആഫീസർമാർക്ക് ഒരു പേ സ്ളിപ്പിന് ഒരു രൂപ ക്രമത്തിലും അധിക വേതനം നൽകാൻ ട്രെഷറി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(ഡി) ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം പുനർനിർണ്ണയം നടത്തുന്നത് അക്കൗണ്ടൻറ് ജനറലിൻറെ ആഫീസിൽ ആയതുകൊണ്ടും ഇതു സംബന്ധിച്ച ട്രഷറിയിൽ ചെയ്യേണ്ട ജോലികൾ സാധാരണ ജോലിയുടെ ഭാഗമെന്നനിലയിലും ട്രഷറി ജീവനക്കാർക്ക് അധികവേതനം നൽകേണ്ടതില്ല എന്നു സർക്കാർ തീരുമാനിച്ചു. എന്നാൽ പെൻഷൻ പരിഷ്ക്കരണം സംബന്ധിച്ച അധിക ജോലികൾക്ക് 3-11-1990-ലെ ജി. ഒ. (ആർറ്റി) 712/90/ധന എന്ന ഉത്തരവു പ്രകാരം ട്രെഷറി ജീവനക്കാർക്ക് അധിക വേതനം നൽകിയിട്ടുണ്ട്.

(ഇ) മുൻകാലങ്ങളെ അപേക്ഷിച്ച് അധിക ജോലികൾ കൂടുതൽ ചെയ്യേണ്ടിവന്നതായി സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നതുകൊണ്ട് പ്രസ്തുത ആനുകൂല്യം നൽകേണ്ടതില്ല എന്നതാണ് സർക്കാരിൻറെ തീരുമാനം.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൻറെ ഫണ്ട്

8 [2163] ശ്രീമതി നബീസാ ഉമ്മാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിലെ ഫണ്ട് ഏത് ബാങ്കിലാണ് നിക്ഷേപിക്കുന്നത്; കാനറാബാങ്കിൽ ഫണ്ട് പൂളിംഗ് നടത്തിയതുവഴി കമ്പനിക്ക് ഓവർഡ്രാഫ്റ്റ് ഇനത്തിൽ എത്രരൂപ നൽകേണ്ടിവന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) നിക്ഷേപങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) നിക്ഷേപങ്ങൾ അടിയന്തിരമായി ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിലെ ഫണ്ട് പ്രധാനമായും കാനറാബാങ്കിലാണ് നിക്ഷേപിക്കുന്നത്. കാനറാബാങ്കിൽ ഫണ്ട് പൂളിംഗ് നടത്തിയതുവഴി കമ്പനിക്ക് ഓവർഡ്രൂ പലിശയായി ഇതുവരെ തുകയൊന്നും നൽകേണ്ടി വന്നിട്ടില്ല.

(ബി, സി) നിക്ഷേപങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നു കാര്യം പ്രായോഗികമല്ല.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിനു പാളയത്തും ശ്രീകാര്യത്തും ബ്രാഞ്ചുകൾ

9 [2164] ശ്രീമതി നബീസാ ഉമ്മാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിനു തിരുവനന്തപുരം പാളയത്തും, ശ്രീകാര്യത്തും ഓരോ ബ്രാഞ്ചുകൾ തുറക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കഴക്കൂട്ടം, ആറ്റിങ്ങൽ, വർക്കല എന്നീ ബ്രാഞ്ചുകളിൽ സ്വർണ്ണപണയ പദ്ധതി കൂടി നടപ്പിലാക്കുവാൻ പരിപാടിയുണ്ടോ;

(സി) സ്ഥിര നിക്ഷേപമായി സ്വീകരിക്കുന്ന തുക മുഴുവൻ ഹയർ പർച്ചേയ്സ് ലോണായി വിനിയോഗിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) റീജിയണൽ ഓഫീസുകൾക്ക് പ്രസ്തുത റീജിയണലിലെ ശംബള വിതരണം ഉൾപ്പെടെയുള്ള ചുമതലകൾ കൂടി ഉൾപ്പെടുത്തുവാൻ പരിപാടിയുണ്ടോ എന്നു വിശദീകരിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം പാളയത്തും ശ്രീകാര്യത്തും ശാഖ തുറക്കുന്ന കാര്യം 'ഫീസിബിലിറ്റിസ്റ്റഡി' നടത്തിയശേഷം പരിഗണിയ്ക്കുന്നതാണ്.

(ബി) കഴക്കൂട്ടം, ആറ്റിങ്ങൽ, വർക്കല എന്നീ ബ്രാഞ്ചുകളിൽ സ്വർണ്ണപണയ പദ്ധതികൂടി ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സ്ഥിരനിക്ഷേപമായി സ്വീകരിക്കുന്ന തുകയുടെ ഒരു ഭാഗം നിക്ഷേപകർക്കുതന്നെ വായ്പയായി നൽകേണ്ടതുള്ളതുകൊണ്ടും കൂടാതെ ബ്രാഞ്ചുകളിൽ ഘട്ടംഘട്ടമായി സ്വർണ്ണവായ്പ പദ്ധതി വ്യാപിപ്പിച്ചുവരുന്നതുകൊണ്ടും നിക്ഷേപത്തുക മുഴുവനും ഹയർപർച്ചേയ്സ് ലോണായി വിനിയോഗിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഡി) ഇപ്പോൾ പരിപാടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly